**MALAYALA MANORAMA (METRO MANORAMA)**

**We are global players in Tourism**

Date: **15-03-2012** | Edition: **Tvm** | Page No: **2** | Clip size (cm) - W: **15** H: **49.5**

# നമ്മൾ

## ടൂറിസത്തിലെ ലോകകില്ലാടികൾ

● സകല അവാർഡുകളും തൂത്തുവാരുന്നു: ഇക്കുറി മികച്ച വെബ്സൈറ്റും നമ്മുടേത്: തലസ്ഥാനത്തെ ഇൻവിസ് മൾട്ടിമീഡിയയായിരുന്നു പിന്നിൽ!

**പി.കിഷോർ**

ടൂറിസത്തിൽ രാജസ്ഥാൻ മാത്രമാണ് കേരളത്തിനു മുന്നിലുള്ളത്. പ്രചാരണ മികവിലും മികച്ച ഹോട്ടലുകളുടെ മേന്മയിലും മറ്റും നമ്മളാണ് കില്ലാടികൾ. കേന്ദ്ര ടൂറിസം അവാർഡുകൾ ഭൂരിപക്ഷവും കേരളം പൊക്കുന്നുവെന്ന് മറ്റു സംസ്ഥാനങ്ങൾ പരാതിപ്പെടുകയാണ്.

ഇക്കൊല്ലം ടൂറിസം പ്രചാരണത്തിന് ഐടിയെ ഫലപ്രദമായി ഉപയോഗിച്ചതിനും വെബ്സൈറ്റിനും അവാർഡ് ലഭിച്ചിരുന്നു. തലസ്ഥാനത്തെ ഇൻവിസ് മൾട്ടിമീഡിയ നടത്തുന്ന കേരള ടൂറിസം ഡോട്ട് ഓർഗ് എന്ന വെബ്സൈറ്റാണ് സമ്മാനിതമായത്. കഴിഞ്ഞ പത്തു വർഷത്തിനിടെ അഞ്ചാം തവണ കിട്ടുന്ന സമ്മാനം.

### സ്വയം ട്രിപ്പ് ചാർട്ട് ചെയ്യാവുന്ന വെബ്സൈറ്റ്

ഇതിലൂടെ ടൂറിസ്റ്റിന് സ്വയം ട്രിപ്പ് പ്ലാൻ ചെയ്യാനും കഴിയും. മെസേജ് ബോർഡിൽ സഞ്ചാരി തന്റെ ആവശ്യത്തെക്കുറിച്ച് ഒരു സന്ദേശമിട്ടാൽ അതിലൂടെ തന്നെ വിവിധ ടൂർ ഓപ്പറേറ്റർമാരുടെ മറുപടികൾ ലഭിക്കും. ഉദാഹരണത്തിന് രണ്ടുദിവസം ഹൗസ്ബോട്ടിലും മൂന്നു ദിവസം ആയുർവേദ സുഖചികിൽസയും വേണമെന്നൊരു സന്ദേശമിട്ടാൽ അതു നൽകാൻ കഴിയുന്നവർ പ്രതികരിക്കുന്നു. യാത്രക്കാരന് ഏറ്റവും ചെലവു കുറഞ്ഞതും മികച്ചതും നോക്കി തിരഞ്ഞെടുക്കാം.

വെബ്സൈറ്റിൽ നീണ്ട വിവരണങ്ങളില്ല. പകരം ചിത്രങ്ങളും വിഡിയോകളുമാണ്. യുട്യൂബിൽ 600ലേറെ കേരള ടൂറിസം വിഡിയോകളുണ്ട്. അതു നേരിട്ടു കണ്ട് സ്വയം തിരഞ്ഞെടുക്കാം. ദിവസം ഒന്നേമുക്കാൽ ലക്ഷം സന്ദർശകരാണു വെബ്സൈറ്റിനുള്ളത്. ചൈനീസ്,ഫ്രഞ്ച്,ജർമൻ,അറബിക് തുടങ്ങി 8 ഭാഷയിൽ വിവരണങ്ങളും. ഇതാണ് അവാർഡിനർഹമാക്കുന്നത്.

കേരള ടൂറിസത്തിന്റെ വിജയം പൊതു–സ്വകാര്യ പങ്കാളിത്തമാണെന്ന് ടൂറിസം സെക്രട്ടറി ടി.കെ.മനോജ് കുമാർ പറയുന്നതു പുതിയ കാര്യമല്ല. തനത് ടൂറി

### കേരളത്തിലേക്ക് വിനോദ സഞ്ചാരികളുടെ വരവ്



| | | |
|---|---|---|
| വിദേശി ടൂറിസ്റ്റുകൾ–2011 | | 7,32,985 |
| | 2010 | 6,59,265 |
| | വർധന | 11.18% |



പ്രതിദിനം ഒരു വിദേശി ടൂറിസ്റ്റ് ഇവിടെ ചെലവിടുന്ന ശരാശരി തുക 3600 രൂപ

വിദേശി ടൂറിസ്റ്റ് കേരളത്തിൽ തങ്ങുന്ന സമയം ശരാശരി 16 ദിവസം

സംപ്രചരിപ്പിച്ചതിൽ പ്രമുഖനായ ജോസ് ഡൊമിനിക്കിനെപ്പോലെ നൂറുകണക്കിനു പേർ ചേർന്നാണു കേരളത്തെ വിജയമാക്കുന്നത്.

കേരളത്തിന്റെ ഈ വിളച്ചിലിന് കാരണമെന്താണെന്നോ. തനത് ഭക്ഷണ രീതികളും തനത് വാസ്തുശിൽപ്പകലയും ബാക്ക് വാട്ടർ എന്നു വിളിക്കുന്ന കായലുകളും ഹൗസ് ബോട്ടുകളും നമുക്കേ ഉള്ളൂ. ലണ്ടനിലേയും ബർലിനിലേയും മറ്റും പ്രമുഖ രാജ്യാന്തര ടൂറിസം മേളകളിൽ കേരള ടൂറിസത്തിനു വേണ്ടി സ്റ്റാർക്ക് കമ്യൂണിക്കേഷൻ നടത്തുന്ന പ്രചാരണം പെസിഫിക് ഏഷ്യ ട്രാവൽ അസോസിയേഷന്റേതുൾപ്പടെ (പാറ്റ) അനേകം രാജ്യാന്തര അവാർഡുകൾ നേടുന്നത് ചുമ്മാതാണോ?

മികച്ച ഹെറിറ്റേജ് ഹോട്ടലിനുള്ള അവാർഡ് കൊച്ചിയിലെ മലബാർ ഹൗസിനായിരുന്നു: ടൈം മാഗസിനിൽ ബെസ്റ്റ് ബുട്ടീക് ഹോട്ടൽ വിഭാഗത്തിൽ ഇച് ഫീച്ചർ ചെയ്യപ്പെട്ടിട്ടുണ്ട്. 17 മുറികൾ മാത്രം. പക്ഷേ ഇത്തരം ചെറു ഹോട്ടലുകളുടെ ലോക ലിസ്റ്റുകളിൽ മലബാർ ഹൗസുണ്ട്.

മികച്ച കൺവെൻഷൻ സെന്റർ ഹോട്ടൽ ലെ മെറിഡിയനും മികച്ച ഫൈവ് സ്റ്റാർ ഹോട്ടൽ കൊച്ചിയിലെ താജ് ഗേറ്റ്‌വേയും ഫോർ സ്റ്റാർ ഹോട്ടൽ കുമരകത്തെ താജ് വിവാന്റയും നേടി.

മികച്ച ആയുർവേദ റിസോർട്ടിനു അംഗീകാരം കോവളം സോമതീരത്തിനും. വർഷങ്ങളായി ആയുർദേവമികവിന് അംഗീകാരം കിട്ടുന്ന റിസോർട്ടാണിത്. ജർമൻ ടൂറിസ്റ്റുകളാണ് ഇവിടെ ചികിൽസ തേടി വരുന്നതിൽ ഭൂരിപക്ഷവും.

ജർമൻ ആയുർവേദ ടൂറിസ്റ്റുകളെ ശ്രീലങ്ക ആകർഷിക്കുന്നതിനിടെയാണു കേരളത്തിന്റെ മികവ്. വടക്ക് കർണാടകയ്ക്കടുത്ത് ബേക്കൽ മുതൽ തെക്ക് തമിഴ്നാടിനടുത്ത് പൂവാർ വരെ മലയാളി ടൂറിസത്തിന്റെ വൃത്തിയും മെനയും മിടുക്കുമുണ്ട്. മറ്റു സംസ്ഥാനങ്ങൾ അസൂയപ്പെടുന്നത് അതുകൊണ്ടാണ്.

നമ്മുടെ മസ്തിഷ്കം മറ്റ് വകുപ്പുകളിലെ ഉദ്യോഗസ്ഥർ കൂടി ഉപയോഗിച്ചിരുന്നെങ്കിൽ കേരളം എന്താവുമായിരുന്നു!

## സഞ്ചാരികൾ വർഷം ഒരു കോടി കവിയുന്നു, വരുമാനം 19000 കോടിയും.

കഴിഞ്ഞ വർഷം (2011) കേരളത്തിലെത്തിയ ടൂറിസ്റ്റുകളുടെ എണ്ണം ഒരു കോടി കവിഞ്ഞു. 93,81455 ആഭ്യന്തര ടൂറിസ്റ്റുകളും 7,32985 വിദേശ ടൂറിസ്റ്റുകളും. രണ്ടും ചേരുമ്പോൾ 1,0114440 സഞ്ചാരികൾ. കൊച്ചു കേരളത്തെ സംബന്ധിച്ചിടത്തോളം ഇതൊരു വൻ കാൽവയ്പ്പാണ്. ടൂറിസം വികസിപ്പിക്കണമെന്ന പേരിൽ പത്രവാർത്തകളും ഫീച്ചറുകളുമായി കഴിഞ്ഞിരുന്ന എൺപതുകൾ പിന്നിട്ട് തൊണ്ണൂറുകളിൽ നടത്തിയ കുതിച്ചുചാട്ടത്തിന്റെ അനന്തര ഫലം.

സംസ്ഥാനത്തിന്റെ ആഭ്യന്തര വരുമാനത്തിന്റെ 7% ഇപ്പോൾ ടൂറിസത്തിൽ നിന്നാണ്. ആഭ്യന്തര, വിദേശ സഞ്ചാരികളിൽ നിന്നുള്ള വരുമാനം ചേർത്താൽ ആകെ 19037 കോടി രൂപ. ഏകദേശം നാലു ബില്യൺ ഡോളർ. കൊച്ചു കേരളത്തിൽ വൻ വരുമാനമാണിത്.

### വിദേശ നാണ്യവരുമാനം

(2011) 4222 കോടി രൂപ

(2010) 3797.4 കോടി

വർധന 11.18%





### ഇന്ത്യൻ (അന്യസംസ്ഥാന) ടൂറിസ്റ്റുകൾ

2011 93,81,455
2010 85,95,075

### അന്യസംസ്ഥാന ടൂറിസ്റ്റുകളിൽനിന്നുള്ള വരുമാനം

2011 10131.97 കോടി രൂപ
2010 9282.68 കോടി



### മൊത്തം ടൂറിസ്റ്റുകളിൽ നിന്നുള്ള വരുമാനം

2011 14353.96 കോടി
2010 13080.05 കോടി
വർധന 9.74%

### പരോക്ഷ വരുമാനം ഉൾപ്പെടെ ആകെ വരുമാനം

2011 19037 കോടി
2010 17348 കോടി




ഇതാണ് ഇൻവിസ് മൾട്ടിമീഡിയ ഡിസൈൻ ചെയ്ത് കേരള ടൂറിസം അവാർഡ് കൊയ്ത വെബ്സൈറ്റ്!